അദ്ധ്യാപ : വൃത്തിക്കുള്ള കുറഞ്ഞ പരീക്ഷായോഗ്യത.

* 64. [14] ശ്രീ. യു. നീലകണ്ഠൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി പറയുമോ:

(എ) എസ്സ്. എസ്സ്. എൽ. സി. പാസ്സാകാത്തവരെ മേലാൽ അദ്ധ്യാപകരായി നിയമിക്കുന്നതല്ലെന്ന സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ തീരുമാനം ആരെങ്കിലും പരാതിപ്പെട്ടിട്ടുണ്ടോ ;

(സി) അതിന്മേൽ എന്തു നടപടി നടത്തി ?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി-യും സി-യും) എ-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പുറം കടലിൽ മത്സ്യം പിടിക്കാൻപോയ വള്ളം.

* 65. [15] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യത്തിനു ആഭ്യന്തരവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

1956 ജനുവരി 24-ാം നു- കൊല്ലത്തിനടുത്തു പുറംകടലിൽ മത്സ്യം പിടിക്കാൻ പോയ ഒരു വള്ളം കപ്പലിടിച്ചു തകർന്നുപോയ സംഭവം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അപകടത്തിൽപ്പെട്ടവരെ രക്ഷപ്പെടുത്താൻവേണ്ടി എന്തെങ്കിലും ചെയ്യാൻ ഗവണ്മെൻറിനു കഴിഞ്ഞുവോ ; ഇല്ലെങ്കിൽ അതിനു കാരണമെന്തു; അപകടത്തിൽപ്പെട്ടു മരിച്ചവരുടെ കുടുംബങ്ങൾക്കു ഗവണ്മെൻറിൽനിന്നും എന്തു സഹായം എത്തിച്ചുകൊടുത്തു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ഏ ജെ. ജാൺ): 1956 ജനുവരി 24-ാംനു- കൊല്ലത്തിനടുത്തു് പുറങ്കടലിൽനിന്നും മത്സ്യം പിടിക്കാൻ 10 പേരടങ്ങിയ ഒരു സംഘം പോകുകയും അവർക്ക് അപകടം പറ്റിയതായി അറിവു ലഭിക്കുകയും ചെയ്തിട്ടുണ്ടു്. ഗവണ്മെൻറ്, ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ശേഖരിച്ചുവരികയാണു്.

ശ്രീ. ഡി. വിവേകാനന്ദൻ : അപകടം സംബന്ധിച്ചു് ഇതുവരെ ഗവണ്മെൻറിനു് റിപ്പോർട്ടു് കിട്ടിയിട്ടില്ലേ ?

ശ്രീ. ഏ. ജെ. ജാൺ : അപകടത്തിൽ പെട്ടവരുടെ പേരുവിവരം ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടു്. എന്നാൽ അതിനെപ്പറ്റിയുള്ള വിശദവിവരങ്ങൾ എന്തെല്ലാമാണെന്നു് റിപ്പോർട്ടുചെയ്യുന്നതിനായിട്ടു് ഡിസ്ട്രിക്ട് കളക്ടർക്കു് നിർദ്ദേശം കൊടുത്തിരിക്കുകയാണു്. അദ്ദേഹത്തിന്റെ റിപ്പോർട്ടു് ഗവണ്മെൻറിനു് കിട്ടിയിട്ടില്ല.

ശ്രീ. ഡി. വിവേകാനന്ദൻ : ഗവണ്മെൻറിനു് കിട്ടിയിട്ടുള്ള അറിവു് എന്തെല്ലാമാണെന്നു് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly